(സി) പോലീസ് ഉദ്യോഗസ്ഥർ കൂട്ടായി അതിക്രമം നടത്തിയത് സംബന്ധിച്ച് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായുള്ള പരാതികൾ ഏറ്റവുമധികം ലഭിച്ചിട്ടുള്ളത് ഏതു ജില്ലയിൽ നിന്നാണെന്നും ഏറ്റവും കുറവ് ഏതു ജില്ലയിൽ നിന്നാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം പരാതികളുമായി ബന്ധപ്പെട്ട് എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സ്വീകരിച്ച നടപടികളുടെ സ്വഭാവം എന്താണെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്ത്രീകൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

72 [73] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മുതൽ 2003 വരെയുള്ള ഓരോ വർഷവും കേരളത്തിൽ സ്ത്രീകൾക്ക് നേരെ നടന്ന അതിക്രമങ്ങളെ സംബന്ധിച്ച് അതിക്രമങ്ങളുടെ സ്വഭാവം അടിസ്ഥാനമാക്കി ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇവ ആകെയുള്ള അതിക്രമങ്ങളുടെ എത്ര ശതമാനമാണ് എന്നും അഖിലേന്ത്യാ വാർഷിക ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ എത്രയെന്നും വിശദമാക്കുമോ;

(സി) ഇതിൽ ഓരോവർഷവും എത്ര കേസുകൾ കോടതികളിൽ എത്തിച്ച് പ്രതികളെ ശിക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.†

(ബി & സി) അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.†

സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ട കേസുകൾ

73 [74] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൊലചെയ്യപ്പെട്ട സ്ത്രീകളിൽ എത്ര പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്ത്രീകൾ .. 283

കുട്ടികൾ .. 185

(ബി) 415 കേസുകൾ.

(സി) 44 സ്ത്രീകൾ എസ്. സി./എസ്. റ്റി. വിഭാഗത്തിൽപ്പെട്ടവരാണ്.

സ്ത്രീധന പീഡനത്തെത്തുടർന്ന് മരണമടഞ്ഞവർ

74 [75] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് സ്ത്രീ പീഡനത്തെത്തുടർന്ന് എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly